# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2662　　　　11.10.2011-ൽ മറുപടിയ്ക്ക്

**<u>മൺപാത്ര നിർമ്മാണ സമുദായങ്ങളുടെ പ്രശ്നങ്ങൾ</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) മൺപാത്ര നിർമ്മാണ സമുദായങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം നടപടികളാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇതുമായി ബന്ധപ്പെട്ട നിയമസഭാ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>സി) ഇതിന്മേൽ എന്തെല്ലാം അടിയന്തിര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? | എ) & ബി) & സി) | പിന്നോക്ക സമുദായ ക്ഷേമസമിതി (1996-2000)യുടെ പത്താമത് റിപ്പോർട്ടിലെ ഈ വകുപ്പുമായി ബന്ധപ്പെട്ട 15-ാം നമ്പർ ശുപാർശയിൽ കുശവസമുദായത്തിൽപ്പെട്ട കുട്ടികൾക്ക് മെഡിസിൻ/എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നില്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഈ വിഭാഗക്കാർക്കു കൂടി സംവരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ സംസ്ഥാനത്ത് നടത്താൻ ഉദ്ദേശിക്കുന്ന സാമൂഹിക- സാമ്പത്തിക-ജാതി സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ സമുദായംഗങ്ങളുടെ സംവരണം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.